ഉത്തരം

(എ) 23,55,799 രൂപ 41 പൈസ (ഇരുപത്തിമൂന്നു ലക്ഷത്തി അമ്പത്തഞ്ചായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒമ്പതു രൂപ നാൽപ്പത്തി ഒന്നു പൈസ)

(ബി) 16,26,131 രൂപ (പതിനാറു ലക്ഷത്തി ഇരുപത്താറായിരത്തി നൂറ്റി മുപ്പത്തി ഒന്നു രൂപ)

ട്രാൻസ്പോർട്ട് സബ് ഡിപ്പോ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

292 [319] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് സബ് ഡിപ്പോ അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) ഇതിൽനിന്നും കുട്ടനാട്ടു പ്രദേശത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കുട്ടനാട്ടിൽ നെടുമുടി, എടത്വാ എന്നീ സ്ഥലങ്ങളിൽ ട്രാൻസ്പോർട്ട് സ്റ്റേഷനും സബ് ഡിപ്പോയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സബ് ഡിപ്പോ വേണമെന്ന് ആവശ്യപ്പെടുന്ന സ്ഥലത്തെ സ്വയംഭരണ സ്ഥാപനങ്ങളോ മറ്റു സാമൂഹ്യ സംഘടനകളോ സബ് ഡിപ്പോ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലത്ത് അഞ്ച് ഏക്കർ സ്ഥലവും കെ. എസ്. ആർ. ടി. സി. അംഗീകരിച്ച രൂപകല്പനയോടുകൂടിയ ഓഫീസ് കെട്ടിടങ്ങളും 3 ഗ്യാരേജും സൗജന്യമായി നിർമ്മിച്ചു കൊടുക്കുവാൻ സമ്മതിച്ചിരിക്കണം.

(ബി) ഇല്ല.

(സി) കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം എടത്വായിലും നെടുമുടിയിലും ട്രാൻസ്പോർട്ട് സ്റ്റേഷനും സബ് ഡിപ്പോയും സ്ഥാപിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

കിളിമാനൂർ ബസ് സ്റ്റേഷന്റെ പണി

293 [320] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബസ് സ്റ്റേഷന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) ബസ് സ്റ്റേഷന്റെ പണി ഇനിയും പൂർത്തീകരിക്കാത്തതിൽ പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ ബസ് സ്റ്റേഷന്റെ പണി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly